739

1 അനുഗ്രഹത്തിന്നധിപതിയേ! അനന്തകൃപ പെരും നദിയേ!
അനുദിനം നിൻപദം ഗതിയേ! അടിയനു നിൻ കൃപ മതിയേ!

2 വൻവിനകൾ വന്നിടുകിൽ വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം വന്നിടുമോ പിന്നെ ഭയം?

3 തന്നുയിരെ പാപികൾക്കായ് തന്നവനാം നീയിനിയും
തള്ളിടുമോ ഏഴയെന്നെ? തീരുമോ നിൻ സ്നേഹമെന്നിൽ?

4 തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ സ്നേഹത്തിൻ പ്രകാശനങ്ങൾ

5 പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻതണലിൽ
മരണദിനം വരുമളവിൽ മറഞ്ഞിടും നിൻ മാർവ്വിടത്തിൽ-
M.E.C.